**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1034** **14-10-2026-ൽ മറുപടിയ്ക്ക്**

**കള്ളക്കടൽ പ്രതിഭാസം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. പാറക്കൽ അബ്ദുല്ല

ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ
(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

**(എ)** തീരപ്രദേശങ്ങളിൽ അപ്രതീക്ഷിതമായി വലിയ തിരമാലകൾ അടിച്ചുകയറുന്ന കള്ളക്കടൽ പ്രതിഭാസം നേരിടുന്നതിന് സ്വീകരിച്ചിട്ടുള്ള മുൻകരുതലെന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

**മറുപടി:** കള്ളക്കടൽ പ്രതിഭാസം സംബന്ധിച്ച മുന്നറിയിപ്പ് ലഭിക്കുന്ന മുറയ്ക്ക് തീരദേശ ജില്ലകളിലെ മത്സ്യത്തൊഴിലാളികൾക്ക് കള്ളക്കടൽ ഉണ്ടാകാൻ സാധ്യതയുള്ളതായി അറിയിച്ചുകൊണ്ട് യഥാസമയം ജാഗ്രതാ നിർദ്ദേശങ്ങൾ നൽകി വരുന്നു.

കൂടാതെ മത്സ്യഭവനുകൾ, പ്രാദേശിക വാട്സ്ആപ്പ് ഗ്രൂപ്പുകൾ ഉൾപ്പെടെയുള്ള സാമൂഹ്യമാധ്യമങ്ങൾ, ജാഗ്രതാ സമിതികൾ, ഹാർബർ മാനേജ്മെന്റ് സൊസൈറ്റികൾ, ജില്ലാ ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകൾ, വില്ലേജ് ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകൾ എന്നിവ മുഖേന വ്യപകമായ ബോധവത്കരണവും മുന്നറിയിപ്പ് പ്രചാരണവും നടത്തി വരുന്നു.

ഫിഷറീസ് സ്റ്റേഷനുകളുടെ നേതൃത്വത്തിൽ മത്സ്യബന്ധന ഹാർബറുകൾ, ലാൻഡിംഗ് സെന്ററുകൾ എന്നിവ കേന്ദ്രീകരിച്ച് പൊതുജനങ്ങൾക്ക് ജാഗ്രതാ നിർദ്ദേശങ്ങൾ നൽകുന്നതിനായി അനൗൺസ്മെന്റുകളും നടത്തി വരുന്നു.

കൂടാതെ, കള്ളക്കടൽ പ്രതിഭാസത്തെത്തുടർന്ന് അടിയന്തിര സാഹചര്യം ഉണ്ടായാൽ ജനങ്ങളെ സുരക്ഷിതമായി മാറ്റിപ്പാർപ്പിക്കുന്നതിനും ആവശ്യമായ ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുമായി റവന്യൂ വകുപ്പിന്റെയും തദ്ദേശസ്വയംഭരണ വകുപ്പിന്റെയും സഹകരണത്തോടെ ദുരിതാശ്വാസ ക്യാമ്പുകൾ സജ്ജീകരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

**(ബി)** പ്രസ്തുത പ്രതിഭാസം നേരിടുന്നതിനായി സ്വീകരിക്കാവുന്ന ദീർഘകാല തീരസംരക്ഷണ പദ്ധതികളുണ്ടോ; വ്യക്തമാക്കുമോ;

**മറുപടി:** കള്ളക്കടൽ പ്രതിഭാസം നേരിടുന്നതിനായി ഹാർബർ എൻജിനീയറിംഗ് വകുപ്പ്, കേരള തീരദേശ വികസന കോർപ്പറേഷൻ എന്നിവ മുഖേന കടലാക്രമണവും, തീരശോഷണവും പ്രതിരോധിക്കുന്നതിനായി കടൽഭിത്തി നിർമ്മാണം, ജിയോ ട്യൂബുകൾ സ്ഥാപിക്കൽ, പുലിമുട്ട് നിർമ്മാണം തുടങ്ങിയ പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു.

**(സി)** പ്രസ്തുത പ്രതിഭാസം മത്സ്യത്തൊഴിലാളികളെ എപ്രകാരമാണ് ബാധിച്ചിട്ടുള്ളതെന്ന പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

**<u>മറുപടി:</u>** കള്ളക്കടൽ പ്രതിഭാസം സംബന്ധിച്ച് ഫിഷറീസ് വകുപ്പ് നിലവിൽ പഠനങ്ങൾ നടത്തിയിട്ടില്ല.

**സെക്ഷൻ ഓഫീസർ**